# വാർത്താക്കുറിപ്പ്

**2026 സെപ്റ്റംബർ 23**

## <u>ലഹരിവിമുക്ത കേരളത്തിനായി തൂഫാൻ കമാൻഡോകളാകാൻ എൻഎസ്എസ്</u>

*കേരള സർക്കാരിന്റെ തൂഫാൻ പദ്ധതിയുമായി സഹകരിച്ച് ലഹരിവിമുക്ത കേരളം യാഥാർഥ്യമാക്കുന്നതിനായി നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്) രംഗത്തിറങ്ങുന്നു. ദേശീയ എൻഎസ്എസ് ദിനമായ സെപ്നംബർ 24ന് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മെഗാ വാക്കത്തോണിലും ലഹരിവിരുദ്ധ പ്രതിജ്ഞയിലും കോട്ടയം ജില്ലയിലെ വിവിധ എൻഎസ്എസ് സെല്ലുകളിൽ നിന്നുള്ള രണ്ടായിരത്തിലധികം വോളണ്ടിയർമാരും പ്രോഗ്രാം ഓഫീസർമാരും പങ്കെടുക്കും. മഹാത്മാഗാന്ധി സർവകലാശാല നേതൃത്വം നൽകുന്ന ജില്ലാതല പരിപാടിയിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തുടങ്ങിയ വിഭാഗങ്ങളിലെ എൻഎസ്എസ് യൂണിറ്റുകൾ പങ്കാളികളാകും.*

*സെപ്നംബർ 24ന് ഉച്ചകഴിഞ്ഞ് 2.15ന് കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ ജില്ലാ കളക്ടർ വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്ന് 3 മണിക്ക് ബസേലിയോസ് കോളേജിൽ ഉദ്ഘാടന സമ്മേളനം നടക്കും.*

*മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അധ്യക്ഷത വഹിക്കുന്ന ചടങ്ങ് ഏറ്റുമാനൂർ എംഎൽഎ നാട്ടകം സുരേഷ് ഉദ്ഘാടനം ചെയ്യും. സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, ഡോ. ജോബിൻ ചാമക്കാല, ഡോ. ജി. എസ്. ഗിരീഷ് കുമാർ, എൻഎസ്എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ, എൻഎസ്എസ് ഹയർ സെക്കന്ററി റീജിയണൽ കൺവീനർ ആർ. രാഹുൽ, ബസേലിയസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. (ഡോ.) മനോജ് നാരായണൻ, എൻഎസ്എസ് മഹാത്മാഗാന്ധി സർവകലാശാലാ ജില്ലാ കോർഡിനേറ്റർ ഡോ. പി. ആർ. ജയകൃഷ്ണൻ, എൻഎസ്എസ് വി.എച്ച്.എസ്.സി. ജില്ലാ കോർഡിനേറ്റർ മനേഷ് പുല്ലുവേലിൽ തുടങ്ങിയവർ പങ്കെടുക്കും.*

*തുടർന്ന് ലഹരിവിരുദ്ധ പ്രതിജ്ഞയും തൂഫാൻ കമാൻഡോകളുടെ പ്രഖ്യാപനവും നടക്കും.*

*പി.ആർ.ഒ/851/2026*

## ജനറൽ ബിപിൻ റാവത്ത് അവാർഡ്: ഒക്ടോബർ 22 വരെ അപേക്ഷിക്കാം

*മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാഗാന്ധി സർവ്വകലാശാല ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡിന് ഒക്ടോബർ 22 വരെ അപേക്ഷിക്കാം. 2025-2026 വർഷത്തെ പ്രവർത്തനങ്ങളാണ് പുരസ്കാരത്തിന് പരിഗണിക്കുക. വിശദ വിവരങ്ങൾക്ക്* mgu.ac.in, dsw.mgu.ac.in *സന്ദർശിക്കുക.*

*പി.ആർ.ഒ/852/2026*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ്) (2024 അഡ്മിഷൻ റഗുലർ, 2018-2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരിക്ഷയ്ക്ക് ഒക്ടോബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 16 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 19 വരെയും അപേക്ഷ സ്വീകരിക്കും.*

---------

*മൂന്നാം സെമസ്റ്റർ ഐഎംസിഎ (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 13 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 14 വരെയും അപേക്ഷ സ്വീകരിക്കും.*

*പി.ആർ.ഒ/853/2026*

## പരീക്ഷാ ഫലം

*എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2022 അഡ്മിഷൻ റഗുലർ, 2019 – 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്), ഡ്യൂവൽ ഡിഗ്രി മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ജൂൺ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 7 വരെ ഓൺലൈനിൽ അപേക്ഷിക്കാം. 2016–2018 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.*

*---------*

*അഫിലിയേറ്റഡ് കോളേജുകളിലെ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്.സി (കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്), ഇന്റഗ്രേറ്റഡ് എംഎ പ്രോഗ്രാം ലാംഗ്വേജസ്-ഇംഗ്ലീഷ്, (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020 അഡ്മിഷൻ സപ്ലിമെന്ററി) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 7 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*പി.ആർ.ഒ/854/2026*

പബ്ലിക് റിലേഷൻസ് ഓഫീസർ